**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**13 July 2018 (28 Shawwal 1439 AH)**

# "The Expression: What your Right Hands Possess".

## നിങ്ങളുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ "ഒരു വിശദീകരണം"

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ***നിങ്ങളുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ "ഒരു വിശദീകരണം"*** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

**അവരുടെ ചാരിത്രത്തെ കാത്തുരക്ഷിക്കുന്നവരുമാണ്. തങ്ങളുടെ ഭാര്യമാരുമായോ തങ്ങളുടെ വലം കൈകൾ ഉടമപ്പെടുത്തിവരുമായോ അല്ലാതെ അവർ ലൈംഗിക ബന്ധം പുലർത്തുകയില്ല കാരണം, അവർ ആക്ഷേപാർഹരല്ലാത്തവരാകുന്നു (23:6,7)**

തങ്ങളുടെ വലം കൈകൾ ഉടമപ്പെടുത്തിയവർ എന്ന പ്രയോഗത്തിൽ വളരെയധികം തെറ്റിധാരണകൾ നിലനില്ക്കുന്ന ഒരു പ്രയോഗമാണ്. ഈ പ്രയോഗം കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? ഇത് പ്രാവർത്തികമാക്കുന്ന വ്യക്തികളുടെ അവകാശങ്ങളും പദവികളും എന്തെല്ലാമാണ്? ഒരു കാര്യം വ്യക്തമായും മനസ്സിലാക്കേണ്ടതുണ്ട്. ഇസ്ലാം അടിമത്വത്തെ ഒരു സംശയത്തിനും ഇടമില്ലാത്ത പദങ്ങളിലൂടെ ആക്ഷേപിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒരു വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ഇല്ലായ്മ ചെയ്യുന്നത് തീർച്ചയായും ധാർമ്മികമായ തെറ്റു തന്നെയാണ്. എന്നാൽ, ഒരു വ്യക്തി അവൻ സ്വയം, ഇസ്ലാമിനെയോ, ഇസ്ലാമിക് സ്റ്റേറ്റിനെയോ നശിപ്പിക്കുവനായി യുദ്ധത്തിൽ പങ്കെടുക്കുകയും, സ്വാതന്ത്ര്യത്തിന് ഭംഗം വരുത്തിയതിന് ഉത്തരവാദിയുമായാൽ,

അത്തരം സന്ദർഭങ്ങളിൽ ഇത് ബാധകമല്ല. അടിമകളെ വാങ്ങുന്നതും വില്ക്കുന്നതും ഗുരുതരമായ പാപമാണ്. ദൈവദൃഷ്ടിയിൽ എല്ലാ മനുഷ്യരും തുല്യരാണ്. തുല്യമായ നിലയിൽ മനുഷ്യാവകശങ്ങളും അനുഭവിക്കാവുന്നതാണ്. ഈ കാര്യത്തിൽ ഇസ്ലാമിന്റെ അധ്യാപന ങ്ങൾ വളരെ വ്യക്തമാണ്, സുദൃഢവും ഉറപ്പുള്ളതുമാണ്. ഇസ്ലാമിന്റെ അധ്യാപനമനുസരിച്ച് ഒരു വ്യക്തി മറ്റൊരു വ്യക്തിയെ തന്റെ അടിമ യാക്കുകയാണെങ്കിൽ, അവൻ ദൈവത്തിനും മനുഷ്യനുമെതിരിൽ വളരെ ഗുരുതരമായ ഒരുപാപമാണ് ചെയ്യുന്നത്.(ബുഖാരി, അബൂദാവൂദ്)

ഇത്, പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്, ഇസ്ലാം ലോകത്ത് അവതരിച്ചപ്പോൾ, മാനവസാമൂഹ്യ വ്യവസ്ഥിതിയിൽ, അടിമത്വം ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു ഘടകമായിരുന്നു. എല്ലാ രാജ്യങ്ങളിലും ധാരാളം അടിമകൾ നിലനിന്നിരുന്നു. മാനവസമുദായ ഘടനയിൽ മുഴുവൻ ശക്തമായ നിലയിൽ നിലനിന്ന അടിമത്വവ്യവ സ്ഥിതി ഒരു സ്ഥാപനത്തിനോ, പേനകൊണ്ടുള്ള ഒരു ഉത്തരവി ലൂടെയോ നിർത്തൽ ചെയ്യുക എന്നത് ബുദ്ധിപരമായ ഒരു തീരുമാ നമാകില്ല. ഇതിന്റെ ആത്മീയ ശബ്ദത്തിന് ഗുരുതരമായ മുറിവേല്പി ക്കാതെ ഇസ്ലാം, അക്കാരണത്താലാണ്, കുറെശ്ശെയായി, എന്നാൽ ശക്തമായും ഉറപ്പായും അടിമത്വം നിർത്തലാക്കുവാനുള്ള വഴികൾ തേടിയത്.

വിശുദ്ധഖുർആൻ, താഴെപറയുന്ന വളരെ ശക്തമായ തത്വ ങ്ങൾ പുറപ്പെടുവിച്ചു. അടിമത്വം സമ്പൂർണ്ണമായും പെട്ടെന്നു നിർത്ത ലാക്കുന്നതിനുള്ള തത്വങ്ങൾ.

1. **യുദ്ധതടവുകാരെ, സ്വീകരിക്കേണ്ടത് തുടർച്ചയായ യുദ്ധ ത്തിന് ശേഷം മാത്രമായിരിക്കണം.**
2. **യുദ്ധം കഴിഞ്ഞശേഷം അവരെ ഒരാളിന്റെ അധീനതയിൽ നിർത്താൻ പാടില്ല.**
3. **തടവുകാരെ പരസ്പരം കൈമാറ്റത്തിലൂടെയോ അല്ലെങ്കിൽ അനുകമ്പാപൂർണ്ണമായ നിലയിലോ അവരെ സ്വതന്ത്രരാ ക്കേണ്ടതാണ്.**

വിശുദ്ധ ഖുർആൻ പറയുന്നു. അതിനാൽ അവിശ്വാസികളുമായി (പോർക്കളത്തിൽ) നിങ്ങൾ ഏറ്റുമുട്ടിയാൽ (അവരുടെ) കഴുത്തുകൾ നിങ്ങൾ വെട്ടുക. അങ്ങനെ അവരെ കീഴ്പ്പെടുത്തി കഴിഞ്ഞാൽ (യുദ്ധത്തടവുകാരെ) നിങ്ങൾ മുറുക്കിക്കെട്ടുക എന്നിട്ട് അതിനുശേഷം ഒന്നുകിൽ (അവരോട്) ഔദാര്യം കാണിച്ച് (നിരുപാധികം) വിട്ടയയ്ക്കുക. അല്ലെങ്കിൽ അവരിൽ നിന്ന് പ്രായശ്ചിത്തം വാങ്ങി വിടുക. യുദ്ധം അതിന്റെ ഭാരം ഇറക്കിവെയ്ക്കുന്നതുവരെ. അതാണ് (ഉത്തരവ്) അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ താൻ തന്നെ അവരെ ശിക്ഷിക്കുമായിരുന്നു. പക്ഷേ, നിങ്ങളിൽ ചിലരെ മറ്റുചിലരെക്കൊണ്ട് പരീക്ഷിക്കാൻ വേണ്ടിയാണ്. (അവൻ ഇങ്ങനെ ഉദ്ദേശിച്ചത്) അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെട്ടവരാകട്ടെ, അവരുടെ കർമ്മങ്ങളെ അവൻ ഒരിക്കലും വിഫലമാക്കുകയില്ല. 47:5

ദൗർഭാഗ്യവാന്മാരായ ചില വ്യക്തികൾ, കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും, അവരുടെ സ്വാതന്ത്ര്യം വീണ്ടെടുക്കുന്നതിന്, ഈ മാർഗ്ഗങ്ങളൊന്നും തേടാതെ പരാജയപ്പെടുന്നു. അഥവാ അവരുടെ മുസ്ലിം യജമാനന്മാരോടൊപ്പം നില്ക്കുവാൻ താത്പര്യപ്പെടുന്നു. ഈ സാഹചര്യത്തിൽ അവർക്ക് പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ രേഖാപരമായ വ്യവസ്ഥ എഴുതി ഉണ്ടാക്കി അവരോടൊപ്പം നില്ക്കാവുന്നതാണ്. **അതിന് മുക്കാത്തബാത്ത് എന്നു പറയുന്നു.** വിവാഹത്തിന് കഴിവില്ലാത്തവർ, അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് ഐശ്വര്യം നല്കുന്നതുവരെ ചാരിത്രം സംരക്ഷിക്കട്ടെ. നിങ്ങളുടെ അടിമകളിൽ നിന്ന് മോചന ഉടമ്പടി എഴുതാൻ ആവശ്യപ്പെടുന്നവരുമായി അവരിൽ നന്മയുണ്ടെന്ന് നിങ്ങൾക്ക് ബോധ്യമായാൽ നിങ്ങൾ അവരുമായി കരാറെഴുതി രേഖപ്പെടുത്തുക. അല്ലാഹു നിങ്ങൾക്ക് നല്കിയ ധനത്തിൽനിന്ന് നിങ്ങൾ അവർക്ക് (ദാനമായി നല്കുകയും ചെയ്യുക) നിങ്ങളുടെ അടിമസ്ത്രീകളെ അവർ വിവാഹം ചെയ്ത് ചാരിത്രം സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ നിങ്ങൾ ഐഹിക ജീവിതത്തിലെ വിഭവങ്ങൾ ആഗ്ര

ഹിച്ചു കൊണ്ട് (അവരെ വിവാഹം ചെയ്യിക്കാതെ തടസ്സപ്പെടുത്തി) വ്യഭിചാരത്തിന് നിർബന്ധിക്കരുത്. **ആരെങ്കിലും അവരെ (ആ അടിമ സ്ത്രീകളെ വ്യഭിചാരത്തിന്) നിർബന്ധിക്കുന്നതായാൽ, അവർ നിർബന്ധിക്കപ്പെട്ടതിനു ശേഷം (ആ നിർബന്ധിതകൾക്ക് അല്ലാഹു പൊറുത്തു കൊടുക്കും) അല്ലാഹു സർവഥാ പൊറുത്തു കൊടുക്കുന്നവനും കരുണാമയനുമാകുന്നു 24:34**

യുദ്ധത്തടവുകാരിയായി ഒരു സ്ത്രീ പിടിക്കപ്പെട്ടാൽ, ഞാൻ മുൻപ് പറഞ്ഞതുപോലെ, അവളുടെ സ്വാതന്ത്ര്യം നഷ്ടമാകുന്നു. അവളുടെ സ്വാതന്ത്ര്യം സുരക്ഷിതമാകുന്നതിന് താഴെ പറയുന്ന മാർഗങ്ങൾ സ്വീകരിക്കാവുന്നതാണ്. അവളുടെ ബന്ധുക്കൾക്ക് അഥവാ അവളുടെ സ്റ്റേറ്റിന്, അവൾക്ക് വേണ്ടി പ്രായശ്ചിത്തം നല്കി, അവളെ മോചിപ്പിക്കാവുന്നതാണ്. യുദ്ധത്തടവുകാരെ പരസ്പരം കൈമാറുന്നതിലൂടെ അവളെ സ്വാതന്ത്ര്യയാക്കാവുന്നതാണ്. അവൾക്ക് ഒരു ഉടമ്പടിയുടെ അടിസ്ഥാനത്തിൽ അതായത് മുക്കാത്തബാത്തിലൂടെ സ്വതന്ത്ര്യയാകാവുന്നതാണ്. ഈ പറയപ്പെട്ട വഴികളിലൂടെ അവൾ മോചിതയാക്കപ്പെടുന്നില്ലെങ്കിൽ, അവളുടെ രാജ്യത്തേക്ക് മടങ്ങിപ്പോകുന്നത് അപകടകരമാണ് എന്നത് വ്യക്തമാണ്, ഇത്തരം സംഭവങ്ങളിൽ തടവുകാരാക്കിയവരിൽ ഒരാൾക്ക് അവളെ വിവാഹം ചെയ്യാവുന്നതാണ്. ഇനി അവൾ അവന്റെ ഒരു കുഞ്ഞിനെ ഗർഭത്തിൽ വഹിക്കുന്നുവെങ്കിൽ, അപ്പോൾ അവൾ ഒരു സ്വതന്ത്ര സ്ത്രീയാണ്. അവളെ യുദ്ധതടവുകാരിയായി, അതിനുശേഷം കരുതുവാൻ പാടില്ല.

അവളുടെ മോചനത്തിന് പലവഴികൾ ഉണ്ടായിരുന്നിട്ടുകൂടി ഒരു സ്ത്രീ യുദ്ധത്തടവുകാരി, ഈ പറയപ്പെട്ട ഒരു വഴിയും സ്വീകരിക്കാതിരുന്നാൽ, യുദ്ധത്തടവുകാരിയാക്കിയവരിൽ ഒരാൾ, അത്തരം സാഹചര്യത്തിൽ അവളെ വിവാഹം കഴിക്കുന്നത് ധാർമ്മികത കാത്തുസൂക്ഷിക്കുവാനുള്ള ശരിയായ ഒരു നടപടിയാണ്, ഈ പ്രശ്നം സംബന്ധമായി വളരെ വലിയ പ്രതിഷേധം ഉയർത്തുന്നത്, ഒരു രീതിയിലും നീതികരിക്കാവുന്നതല്ല. വളരെ വ്യക്തമായി മനസ്സിലാക്കാവുന്ന ഒരു കാര്യമാണ്, അതായത് വിശുദ്ധഖുർആൻ, വിവാഹം കഴിക്കുന്നതിനു

മുൻപ്, ഒരു അടിമ സ്ത്രീയുമായോ, യുദ്ധത്തടവുകാരിയുമായോ, യാതൊരുവിധ ലൈംഗികബന്ധവും പുലർത്താൻ, ഒരു രീതിയിലുള്ള ആശയവും നല്കുന്നില്ല. പിന്താങ്ങുന്നുമില്ല. ശരിയായ നിലയിൽ വിവാഹം കഴിച്ച ശേഷമല്ലാതെ യുദ്ധത്തടവുകാരിയായ സ്ത്രീകളെ ഭാര്യമാരാക്കുവാൻ വിശുദ്ധഖുർആൻ യാതൊരു വിധ കല്പനയും നല്കുന്നില്ല. മറിച്ച് വ്യക്തവും ശക്തവുമായ കല്പനകൾ ഇത് സംബന്ധമായി നല്കുകയാണ് ചെയ്യുന്നത്, ഇത്തരം യുദ്ധത്തടവുകാരെ, സ്വതന്ത്ര സ്ത്രീകളെ പോലെ, വിവാഹം കഴിക്കേണ്ടതാണ്, അവരെ ഭാര്യമാരായി കണക്കാക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ! ഈ കാര്യത്തിലെ ഒരേ ഒരു വ്യത്യാസം, സ്വതന്ത്ര സ്ത്രീകളുടെ കാര്യത്തിൽ ഉള്ളതുപോലെ സാമൂഹ്യപദവിയിലുള്ള മുൻകൂട്ടിയുള്ള സമ്മതം വളരെ അത്യാവശ്യമായി പ്രസ്തുത വിവാഹത്തിന് കണക്കാക്കുന്നില്ല എന്നതുമാത്രമാണ്.

ഒരു സ്ത്രീ പുരുഷനോടൊപ്പം കാമുകി എന്ന നിലയിൽ താമസിക്കുന്നതിനെ ഇസ്ലാം യാതൊരു രീതിയിലും പ്രോത്സാഹിപ്പിക്കുന്നില്ല. മാത്രമല്ല താഴെപറയുന്ന വചനവും, വിശുദ്ധഖുർആനിൽ കുറഞ്ഞത് മറ്റു, നാല് സ്ഥലങ്ങളിലും, വളരെ വ്യക്തമായി, യാതൊരു അവ്യക്തതയുമില്ലാത്ത നിലയിൽ, കല്പനകൾ പുറപ്പെടുവെച്ചിരിക്കുകയാണ്. യുദ്ധത്തടവുകാരായ സ്ത്രീകളെ അവിവാഹിതകളായി കൂടെ നിർത്തുവാൻ പാടില്ല. **വിശുദ്ധഖുർആനിൽ പറയുന്നു. നിങ്ങളിൽ നിന്നുള്ള വിധവകളെയും നിങ്ങളുടെ ആൺ അടിമകളിൽ നിന്നും പെൺഅടിമകളിൽ നിന്നുമുള്ള നല്ലവരേയും നിങ്ങൾ വിവാഹം ചെയ്യിക്കുക. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് ഐശ്വര്യം നല്കും. അല്ലാഹു വളരെ വിശാലതയുള്ളവനും എല്ലാം നല്ലവണ്ണം അറിയുന്നവനുമാകുന്നു. 24:33**

വിശ്വാസിനികളായ സ്വതന്ത്ര സ്ത്രീകളെ വിവാഹം കഴിക്കുന്നതിന് നിങ്ങളിൽ ആർക്കെങ്കിലും സാമ്പത്തികമായി കഴിവില്ലെങ്കിൽ, നിങ്ങളുടെ ഉടമസ്ഥതയിലുള്ള സത്യവിശ്വാസികളായ അടി

മയുവതികളിൽ നിന്ന് (വല്ല സ്ത്രീകളേയും) അവൻ വിവാഹം ചെയ്തു കൊള്ളട്ടെ. നിങ്ങളുടെ വിശ്വാസത്തെ സംബന്ധിച്ച് അല്ലാഹു നല്ല പോലെ അറിയുന്നവനാകുന്നു. നിങ്ങൾ പരസ്പരം ബന്ധപ്പെട്ടവരാണ്. അതുകൊണ്ട് അവരുടെ രക്ഷാധികാരികളുടെ അനുമതിയോടെ നിങ്ങൾ അവരെ വിവാഹം ചെയ്തുകൊള്ളുക. അവർക്ക് ന്യായമായ വിധം അവരുടെ വിവാഹമൂല്യം നല്കുകയും ചെയ്യുക. എന്നാൽ അവർ ചാരിത്രവതികളായിരിക്കണം, വ്യഭിചാരിണികളോ, രഹസ്യമായി ജാരസുഹൃത്തുക്കളെ വെച്ചുകൊണ്ടിരിക്കുന്നവരോ ആവരുത്. അങ്ങനെ അവർ വിവാഹിതരായി കഴിഞ്ഞിട്ട് പിന്നെ അവർ ഏതെങ്കിലും അസാൻമാർഗിക ചെയ്തികളിൽ ഏർപ്പെടുന്നതായാൽ സ്വതന്ത്ര സ്ത്രീകൾക്ക് നല്കപ്പെടുന്ന ശിക്ഷയുടെ പകുതി അവർക്ക് നല്കപ്പെടേണ്ടതാണ്. നിങ്ങളിൽ നിന്ന് പാപം (ചെയ്തുപോകുമെന്ന്) ഭയപ്പെടുന്നവർക്കാണിത്, നിങ്ങൾ ആത്മസംയമനം ചെയ്യുന്നത്. നിങ്ങൾക്ക് ഗുണകരമാണ്. അല്ലാഹു വളരെ പൊറുത്തുകൊടുക്കുന്നവും കരുണാമയനുമത്രെ 4 :26

അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതിപാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുത്തപക്ഷം നിങ്ങൾക്ക് നന്നായി തോന്നുന്ന (മറ്റു) സ്ത്രീകളിൽ നിന്ന് രണ്ട് വീതമോ, മൂന്നുവീതമോ, നാലുവീതമോ നിങ്ങൾ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ മാത്രം വിവാഹം ചെയ്യുക) അല്ലെങ്കിൽ നിങ്ങളുടെ ഉടമയിലുള്ള അടിമസ്ത്രീകളിൽ നിന്ന് (വിവാഹം ചെയ്തു കൊള്ളുക) **നിങ്ങൾ അനീതി പ്രവർത്തിക്കാതിരിക്കാൻ ഏറ്റവും അടുത്ത മാർഗ്ഗം അതാണ് 4:4**

ഈ വചനങ്ങൾ കാരണമായി തീർന്നിരിക്കുകയാണ്, നിങ്ങൾക്ക് സമ്മതമാണെങ്കിൽ രണ്ടോ, മൂന്നോ, നാലോ വിവാഹം ചെയ്തുകൊള്ളുവാൻ അല്ലെങ്കിൽ നിങ്ങളുടെ വലം കൈ ഉടമപ്പെടുത്തിയിട്ടുള്ളവരിൽ നിന്ന്! നിങ്ങൾക്ക് ഈ കാര്യത്തിൽ നീതിപൂർവ്വം വർത്തിക്കുവാൻ കഴിയുകയില്ലാ എന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ

അപ്പോൾ ഒരൊറ്റ വിവാഹം മാത്രം കഴിക്കുക. ഇത് പ്രസ്തുത ഉടമ്പടി യിലെ വേറിട്ടു നില്ക്കുന്ന ഒരു ഖണ്ഡികയാണ് ഇതനുസരിച്ച്, അടിമ പെൺകുട്ടികളെയും വിവാഹം കഴിച്ചിരിക്കണം അവരെ ഭാര്യമാരായി കണക്കാക്കുന്നതിന് മുൻപായി.

ബഹുദൈവ വിശ്വാസികളെ അവർ സത്യവിശ്വാസം സ്വീകരി ക്കുന്നതുവരെ നിങ്ങൾ വിവാഹം ചെയ്യരുത്. വിശ്വാസിനിയായ ഒരു അടിമസ്ത്രീ ബഹുദൈവ വിശ്വാസിനിയായ ഒരു സ്വതന്ത്ര സ്ത്രീയേ ക്കാൾ തീർച്ചയായും ഉത്തമിയാകുന്നു. അവൾ നിങ്ങൾക്ക് (എത്രത ന്നെ) കൗതുകം ജനിപ്പിച്ചാലും ശരി. (അപ്രകാരം തന്നെ) ബഹുദൈവ വിശ്വാസികൾക്ക് അവർ സത്യവിശ്വാസം സ്വീകരിക്കുന്നതുവരെ (മുസ്ലിം സ്ത്രീകളെ) വിവാഹം ചെയ്തു കൊടുക്കരുത്. വിശ്വാസിയായ ഒരു അടിമ (സ്വതന്ത്രനായ) ഒരു ബഹുദൈവ വിശ്വാസിയെക്കാൾ തീർച്ച യായും ഉത്തമനാണ്. അവൻ നിങ്ങൾക്ക് എത്രതന്നെ കൗതുകം ഉള വാക്കിയാലും ശരി 2:222

വിശ്വാസിനിയായ ഒരടിമ സ്ത്രീയെ ഭാര്യയാക്കുന്നതാണ്, അവി ശ്വാസിനിയായ, വിഗ്രഹാരാധനയുള്ള, ഒരു സ്വതന്ത്രസ്ത്രീയെ ഭാര്യ യാക്കുന്നതിനേക്കാൾ മുൻഗണന കൊടുക്കേണ്ടതെന്ന് താല്പര്യം

**പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) ഈ കാര്യത്തിൽ വളരെ പ്രകടമായ മാതൃക കാണിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആർക്കാണോ ഒരു അടിമ പെൺകുട്ടി യുള്ളത്, അവൻ അവൾക്ക് ശരിയായ വിദ്യാഭ്യാസം നല്കുകയും, അങ്ങനെ അവൾ നല്ലനിലയിൽ ആയിതീരുന്നതിനായി വളർത്തി ക്കൊണ്ട് വരികയും, എന്നിട്ട് അവളെ സ്വതന്ത്രയാക്കുകയും, എന്നി ട്ടവൻ അവളെ തനിക്കു വേണ്ടി വിവാഹം കഴിക്കുകയും ചെയ്താൽ, അവന് ഇരട്ടി പ്രതിഫലം ലഭിക്കുന്നതാണ് (ബുഖാരി)**

പ്രസ്തുത പ്രവാചക വചനം നമ്മെ പഠിപ്പിക്കുന്നത്, ഒരു മുസ്ലിം ഒരു അടിമപെൺകുട്ടിയെ തന്റെ ഭാര്യയാക്കുവാൻ ആഗ്രഹിക്കുകയാ ണെങ്കിൽ, അവൻ ആദ്യം ചെയ്യേണ്ടത് അവൻ അവളെ സ്വതന്ത്രയാ ക്കുക എന്നതാണ്. എന്നിട്ട് അവളെ വിവാഹം കഴിക്കുക. പരിശുദ്ധ

പ്രവാചകൻ (സ)യുടെ, അദ്ദേഹത്തിന്റെ തന്നെ പ്രവർത്തി, അദ്ദേഹത്തിന്റെ ആശയങ്ങളുമായി, ഏറ്റവും നല്ല നിലയിൽ ഒത്തുപോകുന്നതാണ്, പരിശുദ്ധ പ്രവാചകൻ (സ) യുടെ രണ്ടു ഭാര്യമാർ, ജുവൈരിയ്യായും, സഫിയ്യായും, അദ്ദേഹത്തിന്റെ അടുത്തു എത്തിചേർന്നത് യുദ്ധതടവുകാരികളായിട്ടായിരുന്നു. ഇസ്ലാമിന്റെ നിയമനുസരിച്ച് അദ്ദേഹം ഇരുവരെയും വിവാഹം കഴിച്ചു. ഒരടിമപെൺകുട്ടിയായ മറിയായെ ഈജിപ്റ്റിലെ രാജാവ് ഒരു ദാനമായി പ്രവാചകൻ (സ) ന് സമ്മാനിച്ചതാണ്. അവരെയും പ്രവാചകൻ(സ) വിവാഹം കഴിച്ചു. അവരും (മറിയയും) അവരോടൊപ്പം യുദ്ധതടവുകാരായി എത്തിയ ജുവൈരിയായേയും, സഫിയ്യായെയും, അവർ മൂവരും അദ്ദേഹത്തിന്റെ മറ്റു ഭാര്യമാരെ പോലെ സ്വതന്ത്രപദവി ഉള്ളവർ തന്നെ ആയിരുന്നു. അവർ മൂവരും പർദ്ദആചരിക്കുകയും, അവരും (ഉമ്മഹാത്തുൽ മുഅ്മിനീൻ) വിശ്വാസികളുടെ മാതാക്കൾ എന്ന പട്ടികയിൽ ഇടം നേടിവരും ആയിരുന്നു. അല്ലാഹു (ത) വിശുദ്ധഖുർആനിൽ പറയുന്നു.

**ഓ! നബി, നീ വിവാഹമൂല്യം നല്കിയ നിന്റെ ഭാര്യമാരെയും അല്ലാഹു നിനക്ക് യുദ്ധത്തിന്റെ ഫലമായി നല്കിയതിൽ നിന്ന്, നിന്റെ അധീനത്തിലായിട്ടുള്ള സ്ത്രീകളെയും, നിന്നോടൊപ്പം ഹിജ്റ്ത്ത് ചെയ്തുവന്ന നിന്റെ പിതൃവ്യപുത്രിമാരെയും, നിന്റെ പിതൃസഹോദരീ പുത്രീമാരെയും, ഒരു സത്യവിശ്വാസിനി തന്നെ നബിക്ക് ദാനം ചെയ്യുകയും നബി അവളെ വിവാഹം ചെയ്യാൻ ഉദ്ദേശിക്കുകയും ചെയ്യുന്നപക്ഷം അവളെയും നാം നിനക്കനുവദിച്ചു തന്നിരിക്കുന്നു. (ഇത്) ഇതര വിശ്വാസികൾക്കില്ലാത്ത നിനക്കു മാത്രമായൊരു വിധിയാകുന്നു. അവരുടെ ഭാര്യമാരെ സംബന്ധിച്ചും അവരുടെ അടിമ സ്ത്രീകളെ സംബന്ധിച്ചും അവരുടെ (സത്യവിശ്വാസികളുടെ) മേൽ നാം ചുമത്തിയ ചുമതലകളെന്താണെന്ന് നമുക്ക് നല്ല വണ്ണം അറിയാം. നിനക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കാൻ വേണ്ടിയാണിത്. അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു 33:51**

ഈ വചനം സൂചന നല്കുന്ന വസ്തുത അതായത് വിവാഹ

വുമായി ബന്ധപ്പെട്ട കല്പന തങ്ങളുടെ വലം കൈ അധീനപ്പെടു ത്തിയവർ, എന്നതിലൂടെ പരിശുദ്ധ പ്രവാചകൻ(സ) യുടെ പിതൃബ ന്ധത്തിൽപ്പെട്ടതും മാതൃബന്ധത്തിൽപ്പെട്ടതുമായ അമ്മാവൻമാരു ടെയും അമ്മാവിമാരുടെയും പുത്രിമാരാണ്. ഇരുവിഭാഗത്തിലുംപെട്ട അവരെ ഭാര്യമാരാകുന്നതിന് മുൻപ് നിയമപ്രകാരം വിവാഹം ചെയ്തി രിക്കണം. ഈ പറയപ്പെട്ട മൂന്നു വിഭാഗത്തിൽപ്പെട്ടവരെയും ഭാര്യമാ രാക്കുന്നതിന്, നിയമപ്രകാരം പ്രവാചകൻ(സ) വിവാഹം കഴി ക്കേണ്ടതാണ് എന്ന് സാരം.

അതുകൊണ്ട് മുസ്ലിംകളല്ലാത്തവർ, ഇസ്ലാമിന്റെ മേലും അതിന്റെ സ്ഥാപകരുടെമേലും അതിന്റെ അനുയായികളുടെ മേലും, ശക്തമായ വൈകാരിക ഇഛരയുള്ളവരാണെന്നും വ്യഭിചാരവൃത്തി നട ത്തുന്നവരാണെന്നുമുള്ള അവരുടെ ആരോപണം തനിവങ്കത്തമാണ്. ഏതുകോണുകളിലൂടെ ഏതുരീതിയിൽ നോക്കിയാലും വിവാഹത്തി ലൂടെയല്ലാതെ പുരുഷ സ്ത്രീ ശാരീരിക ബന്ധം പുലർത്താൻ ഇസ്ലാം ആർക്കും അനുവാദം നല്കുന്നില്ല എന്ന യഥാർത്ഥ്യം ഇവിടെ സുവ്യ ക്തമാണ്. സർവ്വശക്തനായ ദൈവം നല്കുന്നതു തന്നെയാണ് ഏറ്റവും നല്ലനല്കൽ! അവൻ തന്നെയാണ് ഇതെല്ലാം കാണുന്നത്. സമ്പൂർണ്ണമായ നിയമവ്യവസ്ഥയിലൂടെ! ഇരുകൂട്ടരുടെയും, സ്ത്രീയു ടെയും, പുരുഷന്റെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതു തന്നെയാണ്. അവൻ ഉറപ്പാക്കിയിരിക്കുന്നു. അതായത് അടിമത്വം നിർത്തലാക്കേണ്ടതു തന്നെയാണ്. അവന്റെ നിയമങ്ങൾ കഠിനാധ്വാ നത്തിലൂടെയാണ്, നടപ്പിലാക്കേണ്ടതും! ഒരു കാര്യം സുവ്യക്തമാണ് അതായത് ജനങ്ങൾ ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും തെളി വുകൾ ശേഖരിക്കാതെ, ഇസ്ലാമിന്റെ അധ്യാപനങ്ങളെ ചവിട്ടിമെതി ക്കുമ്പോൾ, ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനം പുനഃസ്ഥാപിക്കു കയും, അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നതുവരെ രഹസ്യ മാക്കിയ അടിമത്വം തുടരുകതന്നെ ചെയ്യും.

എല്ലാ മനുഷ്യരുടെയും അവകാശങ്ങളും അന്തസ്സും അല്ലാഹു സംരക്ഷിക്കട്ടെ! പുരുഷന്മാരുടെയും സ്ത്രീകളുടെയും അവരുടെ എല്ലാ

അവകാശങ്ങളും നല്ല നിലയിൽ കാത്തുസൂക്ഷിക്കപ്പെടട്ടെ! വിശിഷ്യാ സ്ത്രീകളുടെ, പലപ്പോഴും സ്ത്രീകൾ ദുർബലരും താഴെകിടയിലുള്ളവരും അവരുടെ ചാരിത്രം ചവിട്ടിമെതിക്കപ്പെട്ടവരുമായി പോകുന്നു. ഇസ്ലം സ്ത്രീയെ നോക്കികാണുന്നത്, വളരെ പ്രധാനപ്പെട്ട ഒരു വ്യക്തിയായയാണ്. തീർച്ചയായും അവളാണ് പുരുഷന് ജന്മം നല്കുന്നത്. അവളാണ് പുരുഷന് പ്രഥമമായി വിദ്യപകർന്നു നല്കുന്നത്. നാം, മുസ്ലിംകൾ, നാമെല്ലാവരും ഓർക്കേണ്ട ഒരു കാര്യമാണ് ഇസ്ലാമിലെ പ്രഥമ വിശ്വാസി ഒരു സ്ത്രീ ആയിരുന്നു. ഹസ്രത് നബികരീ (സ) യുടെ അനുഗ്രഹീത പ്രഥമ പത്നി ഹസ്രത് ഖദീജ (റ) ആയിരുന്നു ആ മഹതി. തീർച്ചയായും ഇസ്ലാമിലെ വനിത, സ്വതന്ത്രയാണ്, സ്വാതന്ത്ര്യം അനുഭവിക്കുന്ന സ്ത്രീയാണ്, അവർ പുരുഷന്മാരുടെ അടിമകളല്ല, മറിച്ച് അവർ തുല്യപങ്കാളികളാണ്, സുഹൃത്തുക്കളാണ്, ഭാര്യമാരാണ്, ഇസ്ലാമിലെ സത്യസന്ധരും നിഷ്ക്കളങ്കരുമായ സ്ത്രീകളെ അല്ലാഹു(ത) സംക്ഷിക്കട്ടെ. അവരുടെ അനന്തമായ ത്യാഗത്തിലൂടെ ഇസ്ലാം സമ്പന്നമാകട്ടെ! ഇൻശാ അല്ലാഹ് ! ആമീൻ

**Translated & Issued By :**
R. Jamaludin Raother
Amir - Jamaat Ul Sahih Al Islam
South Zone - Kerala, India
Ph : 9447001832, 0475-2252663
E-mail : jamal.raother@gmail.com
Web : www.jamaat-ul-sahih-al-islam.com
Blog : www.sahih-al-islam.blogspot.in